**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 493** **25-03-2025 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക അടിസ്ഥാനത്തിൽ സോളാർ വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വ്യാവസായിക അടിസ്ഥാനത്തിൽ സോളാർ വൈദ്യുതി ഉല്പാദനം നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | സർക്കാർ, സ്വകാര്യ ഭൂമി, കൃഷിയോഗ്യമല്ലാത്ത ഭൂമി മുതലായവ അനുയോജ്യമായ രീതിയിൽ ഉപയോഗിച്ചു കൊണ്ട് വ്യാവസായിക അടിസ്ഥാനത്തിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. ഇത് പ്രധാനമായി രണ്ടു രീതിയിൽ നടപ്പിലാക്കാം.<br><br>CPP (Captive Power Plants)<br><br>IPP (Independent Power Producers)<br><br>ഇതിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് KSERC അനുശാസിക്കുന്ന നിരക്കുകളും ചട്ടങ്ങളും ബാധകമാണ്.<br><br>**CPP ( Captive power plants)**<br><br>സ്വന്തമായുള്ള തരിശു ഭൂമിയിൽ, കേരളത്തിലുടനീളം പ്ലാന്റുകൾ സ്ഥാപിച്ച് കേരളത്തിൽ തന്നെ സ്വന്തം പേരിലുള്ള മറ്റ് പ്രതിഷ്ഠാപനങ്ങളിലേക്കു വീൽ ചെയ്യാവുന്നതാണ്.<br><br>KSERC അനുശാസിക്കുന്ന നിരക്കുകൾ ഇതിന് ബാധകമാണ്. 51 ശതമാനമോ അതിൽ കൂടുതലോ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഈ പ്രതിഷ്ഠാപനങ്ങളിൽ ഉപയോഗിക്കേണ്ടതാണ്. അതോടൊപ്പം 26% അല്ലെങ്കിൽ അതിൽ കൂടുതലോ ഷെയർ ഉണ്ടാകേണ്ടതാണ് എന്ന നിബന്ധന കൂടി ഇതിനുണ്ട്.<br><br>**IPP ( Independent Power Producers)**<br><br>CPP പദ്ധതികൾ പോലെ സ്വന്തമായി തന്നെയുള്ള സ്ഥലത്തിൽ അല്ലാതെ തന്നെ വൈദ്യുതി ഉത്പാദിപ്പിച്ചു വൈദ്യുതി ബോർഡിന് KSERC |

| | | | |
|---|---|---|---|
| | | | അനുശാസിക്കുന്ന നിരക്കുകൾ നൽകി ചെയ്യാവുന്നതാണ്.<br><br>പ്രസ്തുത പദ്ധതികൾക്ക് പ്രോത്സാഹനം നൽകാൻ അപേക്ഷകർക്ക് കൃത്യമായി മാർഗ്ഗനിർദ്ദേശം നൽകാനായി കെ.എസ്.ഇ.ബി.എൽ. ഒരു Help Desk (9496266631, 9496018370) സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കൂടുതൽ പ്രോത്സാഹനം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ? | (ബി) | സർക്കാർ, സ്വകാര്യ ഭൂമി, കൃഷിയോഗ്യമല്ലാത്ത ഭൂമി മുതലായവ അനുയോജ്യമായ രീതിയിൽ ഉപയോഗിച്ചു കൊണ്ട് വ്യാവസായിക അടിസ്ഥാനത്തിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. ഇത് പ്രധാനമായി രണ്ടു രീതിയിൽ നടപ്പിലാക്കാം.<br><br>CPP (Captive Power Plants)<br><br>IPP (Independent Power Producers)<br><br>ഇതിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് KSERC അനുശാസിക്കുന്ന നിരക്കുകളും ചട്ടങ്ങളും ബാധകമാണ്.<br><br>**<u>CPP ( Captive power plants)</u>**<br><br>സ്വന്തമായുള്ള തരിശു ഭൂമിയിൽ, കേരളത്തിലുടനീളം പ്ലാന്റുകൾ സ്ഥാപിച്ച് കേരളത്തിൽ തന്നെ സ്വന്തം പേരിലുള്ള മറ്റ് പ്രതിഷ്ഠാപനങ്ങളിലേക്കു വീൽ ചെയ്യാവുന്നതാണ്.<br><br>KSERC അനുശാസിക്കുന്ന നിരക്കുകൾ ഇതിന് ബാധകമാണ്. 51 ശതമാനമോ അതിൽ കൂടുതലോ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഈ പ്രതിഷ്ഠാപനങ്ങളിൽ ഉപയോഗിക്കേണ്ടതാണ്. അതോടൊപ്പം 26% അല്ലെങ്കിൽ അതിൽ കൂടുതലോ ഷെയർ ഉണ്ടാകേണ്ടതാണ് എന്ന നിബന്ധന കൂടി ഇതിനുണ്ട്.<br><br>**<u>IPP ( Independent Power Producers)</u>**<br><br>CPP പദ്ധതികൾ പോലെ സ്വന്തമായി തന്നെയുള്ള സ്ഥലത്തിൽ അല്ലാതെ തന്നെ വൈദ്യുതി ഉത്പാദിപ്പിച്ചു വൈദ്യുതി ബോർഡിന് KSERC അനുശാസിക്കുന്ന നിരക്കുകൾ നൽകി ചെയ്യാവുന്നതാണ്.<br><br>പ്രസ്തുത പദ്ധതികൾക്ക് പ്രോത്സാഹനം നൽകാൻ അപേക്ഷകർക്ക് കൃത്യമായി മാർഗ്ഗനിർദ്ദേശം നൽകാനായി കെ.എസ്.ഇ.ബി.എൽ. ഒരു Help Desk (9496266631, 9496018370) സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ